പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം: 1008

29/09/2011-ൽ മറുപടി
നല്കേണ്ടിയിരുന്നത്

മൂന്നാർ-വാഗമൺ ഭൂമി കയ്യേറ്റം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. ഉബൈദുള്ള : | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (റവന്യൂ വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മൂന്നാർ-വാഗമൺ മേഖലകളിൽ കയ്യേറ്റ ഭൂമി ഒഴിപ്പിക്കൽ നടത്തിയിട്ടുണ്ടോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മൂന്നാർ-വാഗമൺ മേഖലകളിൽ കയ്യേറ്റ ഭൂമി ഒഴിപ്പിക്കൽ നടത്തിയിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഉടുമ്പൻചോല താലൂക്കിൽ ചിന്നക്കനാൽ വില്ലേജിൽ 12 കേസുകളിലായി 481.38 ഏക്കറും, ബൈസൺവാലി വില്ലേജിൽ 1 കേസിൽ 71 ഏക്കറും ഉൾപ്പെടെ ആകെ 552.38 ഏക്കർ ഭൂമി അനധികൃത കൈയേറ്റം ഒഴിപ്പിച്ചെടുത്ത് സർക്കാർ അധീനതയിൽ ഏറ്റെടുത്തിട്ടുണ്ട്. ജില്ലയിൽ ഒട്ടാകെ ഇതുവരെ 4 താലൂക്കുകളിൽ നിന്നായി 1908.51 ഏക്കർ ഭൂമി ഒഴിപ്പിച്ചെടുത്ത് അധീനതയിൽ എടുത്തിട്ടുണ്ട്. |
| (ബി) എങ്കിൽ എത്ര ഏക്കർ സ്ഥലമാണ് ഒഴിപ്പിച്ച് ഏറ്റെടുത്തത് എന്ന് വ്യക്തമാക്കാമോ; | (ബി) വാഗമൺ വില്ലേജിൽ ഉൾപ്പെട്ട 541.69 ഏക്കർ ഭൂമിയും മൂന്നാർ മേഖലയിൽ 9 സ്ഥലങ്ങളിലായി 410.52 ഏക്കർ ഭൂമിയും ഒഴിപ്പിച്ചെടുത്ത് സർക്കാർ വക ഭൂമി എന്ന ബോർഡ് സ്ഥാപിച്ചിട്ടുണ്ട്. |
| (സി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പ്രസ്തുത മേഖലയിൽ സർക്കാർ ഭൂമി കയ്യേറ്റം നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എത്രയെന്ന് വ്യക്തമാക്കാമോ; | (സി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പ്രസ്തുത മേഖലയിൽ സർക്കാർ ഭൂമി കൈയേറ്റം നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മുൻ സർക്കാരിന്റെ കാലത്ത് പ്രസ്തുത മേഖലയിൽ 5336.4614 ഹെക്ടർ ഭൂമി കൈയേറ്റം നടത്തിയതായി കണ്ടെത്തിയിട്ടുണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ ഉടുമ്പൻചോല താലൂക്കിൽ ഉദ്ദേശം 140.1829 ഹെക്ടർ കൈയേറ്റം കണ്ടെത്തിയതായും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ഡി) കയ്യേറ്റ ഭൂമി ഒഴിപ്പിക്കുന്നതിനും സർക്കാരിലേയ്ക്ക് ഏറ്റെടുക്കുന്നതിനും മുൻ ഗവണ്മെന്റ് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിരുന്നോ; വിശദാംശങ്ങൾ നൽകാമോ; | (ഡി) മുൻ ഗവണ്മെന്റിന്റെ കാലത്ത് മൂന്നാർ -വാഗമൺ മേഖലയിലെ അനധികൃത കൈയേറ്റം ഒഴിപ്പിക്കുന്നതിനായി പ്രത്യേക ദൗത്യസംഘം രൂപീകരിക്കുകയും, ടി ദൗത്യസംഘത്തിന്റെ പ്രവർത്തന ഫലമായി 4941.5832 ഹെക്ടർ ഭൂമി അനധികൃത കൈയേറ്റം ഒഴിപ്പിച്ചെടുത്ത് സർക്കാർ ഏറ്റെടുക്കുകയും ഉണ്ടായി. മുൻ സർക്കാരിന്റെ |

| | |
|---|---|
| | കാലത്ത് ഉടുമ്പൻചോല താലൂക്കിൽ ചിന്നക്കനാൽ വില്ലേജിൽ 13 കേസുകളിലായി 114.8227 ഹെക്ടർ ഭൂമി ഒഴിപ്പിച്ചെടുത്ത് സർക്കാർ അധീനതയിൽ ഏറ്റെടുത്തിട്ടുണ്ട്. |
| (ഇ) മൂന്നാർ-വാഗമൺ മേഖലകളിൽ കയ്യേറ്റഭൂമി ഒഴിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ? | (ഇ) പ്രസ്തുത മേഖലകളിലെ കൈയേറ്റ ഭൂമി ഒഴിപ്പിക്കുന്നതിനും കേരള ഭൂസംരക്ഷണ നിയമം (ഭേദഗതി) 2009 പ്രകാരം നടപടികൾ സ്വീകരിക്കുകയും കൈയേറ്റക്കാർക്കെതിരെ എൽ.സി.കേസ് ബുക്കുചെയ്യുകയും ചെയ്യുന്നതാണ്. |

സെക്ഷൻ ഓഫീസർ